# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 11.03.2026**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളത്തിലെത്തി. 10,800 കോടി രൂപയുടെ വികസന പദ്ധതികൾ ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും.

2. പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് കൊച്ചി നഗരത്തിൽ സുരക്ഷ ശക്തം. വൈകീട്ട് നാല് വരെ ഗതാഗത നിയന്ത്രണം.

3. സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച തുടരുന്നു.

4. കേരളത്തെ നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്നതാണ് സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി ആർ.ബിന്ദു.

5. കണ്ണൂർ ഗവൺമെൻറ് മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും കൂട്ടിയിരിപ്പുകാർക്കുമായി നിർമ്മിച്ച ആശ്വാസ് വാടക വീട് മന്ത്രി കെ രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യു.

6. വനിതാ ഹോക്കി ലോകകപ്പ് ക്വാളിഫെയറിൽ ഇന്ന് ഇന്ത്യ - വെയിൽസ് പോരാട്ടം.

***************************

RNU TVPM

## പിഎം സന്ദർശനം

ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളത്തിലെത്തി. അല്പം മുമ്പാണ് പ്രധാനമന്ത്രി കൊച്ചിയിൽ എത്തിച്ചേർന്നത്. 10,800 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി ഇന്ന് രാഷ്ട്രത്തിന് സമർപ്പിക്കും. പൊതുസമ്മേളനത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും. കൊച്ചി റിഫൈനറിയിലെ പോളിപ്രൊപ്പലൈൻ യൂണിറ്റ് ശിലാസ്ഥാപനം പ്രധാനമന്ത്രി നിർവ്വഹിക്കും. ദേശീയ പാത 66-ൽ തലപ്പാടി ചെങ്കള സെക്ഷൻ, കോഴിക്കോട് ബൈപാസിലെ വെങ്ങളം രാമനാട്ടുകര മേഖല എന്നിവിടങ്ങളിലെ ആറുവരിപ്പാതയുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിക്കും. അമൃത് ഭാരത് പദ്ധതിക്കു കീഴിൽ പുനർ വികസനം നടത്തിയ വിവിധ റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനവും കല്ലടയിലെ 50 മെഗാവാട്ട് ഫ്ളോട്ടിങ് സോളാർ പദ്ധതി ഉദ്ഘാടനവും നിർവഹിക്കും. പിഎം ഗ്രാം സടക് യോജന പ്രകാരമുള്ള 23 ഗ്രാമീണ റോഡുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവ്വഹിക്കും. ധീവരസഭയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അല്പസമയത്തിനകം പ്രധാനമന്ത്രി നിർവഹിക്കും. കലൂർ സ്റ്റേഡിയത്തിൽ ബി.ജെ.പി സംഘടിപ്പിക്കുന്ന '**വികസിത കേരളം മോദിക്കൊപ്പം**' എന്ന പരിപാടിയെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

RNU TVPM

****************************

## പ്രധാനമന്ത്രി - റെയിൽവെ (ഇൻട്രോ)

റെയിൽവേ രംഗത്ത് വൻ കുതിച്ചു ചാട്ടത്തിന് പാതയൊരുക്കുന്ന നിരവധി പദ്ധതികളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യുന്നത്.

കൂടുതൽ വിവരങ്ങളുമായി കൊച്ചിയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

(വോയ്സ്)

***************************

## കൊച്ചി - ഗതാഗത നിയന്ത്രണം

പ്രധാനമന്ത്രിയുടെ കൊച്ചി സന്ദർശനവുമായി ബന്ധപ്പെട്ട് നഗരത്തിൽ സുരക്ഷ ശക്തം. ഇന്ന് വൈകീട്ട് 04.00 വരെ കൊച്ചി സിറ്റി പോലീസ് കമ്മീഷണറേറ്റ് പരിധിയിൽ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. നേവൽ ബേസ്, തേവര, എം.ജി റോഡ്, അറ്റ്ലാന്റിസ്, രവിപുരം, പള്ളിമുക്ക്, ജോസ് ജംഗ്ഷൻ, ബി.ടി.എച്ച് റോഡ്, പാർക്ക് അവന്യൂ റോഡ്, ഷണ്മുഖം റോഡ്, മറൈൻ ഡ്രൈവ്, ഹൈക്കോടതി ജംഗ്ഷൻ, ബാനർജി റോഡ്, കച്ചേരിപ്പടി, കലൂർ, പാലാരിവട്ടം ഭാഗങ്ങളിലും, NH-66 ചേരാനെല്ലൂർ മുതൽ വൈറ്റില വരെയും, NH-544-ൽ കളമശ്ശേരി മുട്ടം മുതൽ ഇടപ്പള്ളി വരെയും ഗതാഗത നിയന്ത്രണവും, ഡ്രോൺ നിയന്ത്രണവും ഉണ്ടായിരിക്കുമെന്ന് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

RNU TVPM

***************************

## പ്രധാനമന്ത്രി - തമിഴ്നാട് സന്ദർശനം

കേരള സന്ദർശനത്തിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തമിഴ്നാട്ടിലെത്തും. തിരുച്ചിറപ്പള്ളിയിൽ 5,650 കോടിയോളം രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. പെട്രോളിയം, പ്രകൃതിവാതകം, അടിസ്ഥാന സൗകര്യങ്ങൾ, ഗ്രാമങ്ങളെ ബന്ധിപ്പിക്കൽ, ഹൈവേ വികസനം തുടങ്ങിയവ പദ്ധതികളിൽ ഉൾപ്പെടുന്നു. രണ്ട് അമൃത് ഭാരത് എക്സ്പ്രസ്, രണ്ട് എക്സ്പ്രസ് ട്രെയിനുകൾ, ഒരു പാസഞ്ചർ ട്രെയിൻ എന്നിവ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. നാഗർകോവിൽ-ചാർളപ്പള്ളി

അമൃത് ഭാരത് എക്സ്പ്രസ്, പോതനൂർ-ധൻബാദ് അമൃത് ഭാരത് എക്സ്പ്രസ്, രാമേശ്വരം-മംഗളൂരു എക്സ്പ്രസ്, തിരുനെൽവേലി-മംഗളൂരു എക്സ്പ്രസ്, മയിലാടുതുറൈ-തിരുവാരൂർ-കാരൈക്കുടി പാസഞ്ചർ ട്രെയിൻ എന്നിവയാണ് പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നത്.

***************************

## പാർലമെൻറ്

സ്പീക്കർ ഓം ബിർളയെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന പ്രമേയത്തിൽ ലോക്സഭയിൽ ചർച്ച തുടരുന്നു. ഇന്നലെ കോൺഗ്രസ് എംപി മുഹമ്മദ് ജാവേദാണ് പ്രമേയം അവതരിപ്പിച്ചത്. അതേസമയം, വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭാ നടപടികൾ ഇന്നും തടസപ്പെട്ടു. 12 മണിവരെ നിർത്തിവച്ച ലോക്സഭയിൽ നടപടികൾ പുനരാരംഭിച്ചു. രാജ്യസഭയിലും നടപടികൾ പുരോഗമിക്കുന്നു.

RNU TVPM

***************************

## മന്ത്രി ആർ ബിന്ദു

കേരളത്തെ നവവൈജ്ഞാനിക സമൂഹമാക്കി മാറ്റുക എന്നതാണ് സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപിത ലക്ഷ്യമെന്ന് മന്ത്രി ആർ.ബിന്ദു. ഇതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നതായും മന്ത്രി പറഞ്ഞു. ഇരിഞ്ഞാലക്കുടയിൽ മാധവ നോളേജ് സെൻറർ ഇൻ മാത്തമാറ്റിക്സിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

***************************

## വാടക വീട് -കണ്ണൂർ

കണ്ണൂർ ഗവൺമെൻറ് മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കും കൂട്ടിയിരിപ്പുകാർക്കുമായി നിർമ്മിച്ച ആശ്വാസ് വാടക വീട് മന്ത്രി കെ രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ വാടക നിരക്കിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി ആരംഭിക്കുന്നതാണ് ആശ്വാസ് വാടക വീട്. കണ്ണൂർ മെഡിക്കൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള 50 സെൻറ് സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചത്.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***************************

## പാലക്കാട് നഗരസഭ -ബജറ്റ് (ഇൻട്രോ)

പാലക്കാട് നഗരസഭ പുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ചു.നഗരത്തിൽ 300 കോടി രൂപയുടെ സ്പോർട്സ് ഹബ്ബ് ,കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 110 കോടി രൂപയുടെ വലിയങ്ങാടി -ടൗൺ ബസ്സ്റ്റാന്റ് വികസനം എന്നിവ ഉൾപ്പെടുന്നതാണ് ബജറ്റ്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

(വോയ്സ്)

***************************

RNU TVPM

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

***************************

## വനിതാ ഹോക്കി ലോകകപ്പ്

എഫ്.ഐ.എച്ച് വനിതാ ഹോക്കി ലോകകപ്പ് 2026 യോഗ്യതാ മത്സരത്തിൽ, പൂൾ ബിയിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് വെയിൽസിനെ നേരിടും. ഹൈദരാബാദിൽ വൈകുന്നേരം 7:30 നാണ് മത്സരം.

RNU TVPM

***************************

## കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി

രാജ്യത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് ഊർജ്ജക്ഷാമമില്ലെന്ന് കേന്ദ്ര സർക്കാർ. ഗാർഹിക ഉപഭോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ ഊർജ്ജം തടസ്സമില്ലാതെ വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി സമൂഹ മാധ്യമത്തിൽ കുറിച്ചു. അതേസമയം, രാജ്യത്ത് എൽപിജി ഉത്പാദനം വർദ്ധിപ്പിച്ചതായി എണ്ണക്കമ്പനികൾ അറിയിച്ചു.

***************************

## പ്രകൃതിവാതകം-പശ്ചിമേഷ്യ

പശ്ചിമേഷ്യയിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത്, ആഭ്യന്തര വിതരണം, ഗതാഗതത്തിനായുള്ള സിഎൻജി, തുടങ്ങിയ മേഖലകൾക്ക് പ്രകൃതിവാതക ലഭ്യതയിൽ മുൻഗണന നൽകണമെന്ന് കേന്ദ്ര സർക്കാർ. വളം പ്ലാൻറുകൾക്ക് കഴിഞ്ഞ ആറ് മാസത്തെ ശരാശരി ഗ്യാസ് ഉപഭോഗത്തിൻറെ 70 ശതമാനവും, തേയില വ്യവസായം, നിർമ്മാണം, മറ്റ് വ്യാവസായിക ഉപഭോക്താക്കൾ എന്നിവയ്ക്ക് 80 ശതമാനവും പ്രകൃതിവാതക ലഭ്യത ഉറപ്പാക്കണമെന്നും നിർദേശം.

**************************

## പ്രവാസി കമ്മീഷൻ

പശ്ചിമേഷ്യയിലെ സംഘർഷം കണക്കിലെടുത്ത് കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള അന്താരാഷ്ട്ര സർവീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാറിനോട് റിപ്പോർട്ട് തേടുമെന്ന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്. കണ്ണൂരിൽ പ്രവാസി കമ്മീഷൻ അദാലത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

**************************

## ശബരിമല

മീനമാസ പൂജക്കായി ശബരിമല ക്ഷേത്ര നട ഈ മാസം 14-ന് തുറക്കും. പൂജകൾ പൂർത്തിയാക്കി 19-ന് അടക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി 22-ന് വീണ്ടും തുറക്കും. 23-നാണ് പൈങ്കുനി ഉത്രം ഉത്സവം കൊടിയേറുന്നത്. ഏപ്രിൽ ഒന്നിന് പമ്പയിൽ ആറാട്ടോടുകൂടി ഉത്സവം സമാപിക്കും.

**************************

## ചൂട്

സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു.

**************************

## അന്ധതാ നിവാരണ വാരം

നാഷണൽ ഹെൽത്ത് മിഷൻ ലക്ഷദ്വീപ് ആരോഗ്യ വകുപ്പുമായി സഹകരിച്ച് ദേശീയ അന്ധതാ നിവാരണ വാരം ആചരിച്ചു. കവരത്തി IGH ൽ നടന്ന പരിപാടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ എം ഭരണി ഉദ്ഘാടനം ചെയ്തു. അന്ധതാ നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒരു മാസം നീണ്ടുനിൽക്കുന്ന നേത്ര പരിശോധന ക്യാംപുകൾ ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും ആരംഭിച്ചു.

RNU TVPM

**************************

## ഇ എൻ മോഹൻദാസ് അന്തരിച്ചു

സിപിഐ എം സംസ്ഥാന കമ്മിറ്റിയംഗവും മലപ്പുറം ജില്ലയിലെ മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവുമായ ഇ എൻ മോഹൻദാസ് അന്തരിച്ചു. 74 വയസായിരുന്നു. രണ്ട് തവണ പാർട്ടി ജില്ലാ സെക്രട്ടറിയായിരുന്നു.

**************************

## കരകൗശല മേള

കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയവും, കരകൗശല വികസന കമ്മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന കരകൗശല മേളയ്ക്ക് ഇന്ന് കോഴിക്കോട്ട് തുടക്കം. ബീച്ചിൽ ഓപ്പൺ സ്റ്റേജിനും ലൈറ്റ് ഹൗസിനും സമീപം DTPC അറീനയിലാണ് മേള. വിവിധ സംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളും സ്റ്റാളുകളും മേളയിലുണ്ടാകും. പ്രവേശനം സൗജന്യമാണ്.

***************************

## പരിശീലനം - കണ്ണൂർ

നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി വിവിധ സ്ക്വാഡുകളുടെ പരിശീലനം കണ്ണൂർ കളക്ടറേറ്റിൽ നടന്നു. ജില്ലാ കലക്ടർ അരുൺ കെ വിജയൻ ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കാൻ സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തങ്ങൾക്ക് സാധിക്കുമെന്ന് കളക്ടർ പറഞ്ഞു.

RNU TVPM

***************************

## തരൺജിത് സിംഗ് സന്ധു

ഡൽഹിയുടെ 23-ാമത് ലെഫ്റ്റനന്റ് ഗവർണറായി തരൺജിത് സിംഗ് സന്ധു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ന്യൂഡൽഹിയിലെ ലോക് നിവാസിൽ ഇന്ന് ഉച്ചയ്ക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ്. ഡൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് സത്യവാചകം ചൊല്ലിക്കൊടുക്കും. ലഡാക്കിന്റെ ലഫ്റ്റനന്റ് ഗവർണറായി നിയമിതനായ വിനയ് കുമാർ സക്സേനയുടെ പിൻഗാമിയായാണ് ശ്രീ. സന്ധു ചുമതലയേൽക്കുന്നത്.

****************************************************
***************************